# ക്വാറികളിൽ നിറയുന്ന ജലം പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ വ്യാപകമാക്കണം; മന്ത്രി കെ.എൻ. ബാലഗോപാൽ

ക്വാറികളിൽ കെട്ടികിടക്കുന്ന ജലം പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ വ്യാപകമാക്കണമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. കൊല്ലം ജില്ലയിലെ കൊട്ടാരക്കര മണ്ഡലത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളകോട് ക്വാറിയിലെ ജലം കൃഷിയ്ക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പ്രയോജനപ്പെടുത്തുന്ന ഹരിതതീർത്ഥം പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്വാറികളിൽ നിറയുന്ന ജലം കൃഷിക്കും ജലസേചനത്തിനും പുറമെ കുടിവെള്ളത്തിനായി ഉപയോഗിക്കാനുള്ള സാധ്യതകൾ പരിശോധിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ഉളകോട് ക്വാറി പ്രദേശത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി.എസ്. പ്രശോഭ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ മുഖ്യ പ്രഭാഷണം നടത്തി. ജലസംരക്ഷണ പ്രവർത്തനങ്ങൾക്കൊപ്പം കൊട്ടാരക്കര മണ്ഡലത്തിൽ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കാനാവുന്ന പദ്ധതികളെല്ലാം ഉൾപ്പെടുത്തി സമഗ്രപദ്ധതി പ്രവർത്തനങ്ങൾ



ആസൂത്രണം ചെയ്യുമെന്ന് ഡോ. ടി.എൻ.സീമ പറഞ്ഞു. ഉളകോട് ക്വാറിയിലെ ജലം കൃഷിയിടങ്ങളിലേക്ക് നൽകുന്ന ഹരിതതീർത്ഥം പദ്ധതി വീഡിയോ പ്രകാശനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. അഭിലാഷ് നിർവഹിച്ചു. ഉളകോട് ക്വാറിയിലെ ജലസമ്പത്തിനെ കുറിച്ച് തുറമുഖ വകുപ്പ് ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം നടത്തിയ പഠന റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡന്റിന് നൽകി മന്ത്രി പ്രകാശിപ്പിച്ചു.

## ഹരിത തീർത്ഥം: മാതൃകാ ജലസംരക്ഷണ പദ്ധതി

ഉപേക്ഷിക്കപ്പെട്ട പാറമടകളിലെ ജലം പ്രയോജനപ്പെടുത്തുന്ന മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനമാണ് കരീപ്ര ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ഹരിത തീർത്ഥം പദ്ധതി. ഉളകോട് വാർഡിൽ സ്ഥിതി ചെയ്യുന്ന 20 ഏക്കറോളം വിസ്തൃതിയുള്ള ആഴമേറിയ പാറക്വാറിയിലെ ജലം സോളാർ പമ്പ് ഉപയോഗിച്ച് ചെറുചാലുകളിലൂടെ സമീപത്തുള്ള തലക്കുളത്തിലേക്കും തോടുകളിലേക്കും ഒഴുക്കുകയും ഉളകോട്, വാക്കനാട്, നെടുമൺകാവ്, കൊടിക്കോട്, ഏറ്റവായ്ക്കോട് എന്നീ അഞ്ചു വാർഡുകളിൽ മുഖ്യമായും കൃഷിയ്ക്ക് പ്രയോജനപ്പെടുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ 40 ഏക്കർ നെൽവയലുകളിൽ കൃഷി നടത്താനും ഭൂഗർഭ ജലവിതാനം നിലനിർത്തി വരൾച്ചയെ പ്രതിരോധിക്കാനും പ്രദേശത്തെ തരിശുരഹിത ഗ്രാമമായി നിലനിർത്താനും പദ്ധതിയിലൂടെ കഴിയും. പൂർണ്ണമായും ഹരിത ഊർജ്ജത്തിലൂടെ നടപ്പാക്കുന്ന പദ്ധതി എന്ന പ്രത്യേകതയും ഇതിനുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അനെർട്ടാണ് പദ്ധതി പ്രവർത്തനത്തിനായുള്ള സോളാർ പ്ലാന്റും പമ്പുസെറ്റും ഇതിനായി സ്ഥാപിച്ചത്. സംസ്ഥാന ഹൈഡ്രോഗ്രാഫിക് വിഭാഗത്തിന്റെ സഹായത്തോടെ പാറക്വാറിയിൽ പൂർണമായും ബാതിമെടി സർവേ നടത്തി ജലത്തിന്റെ അളവും നിർണയിച്ചിട്ടുണ്ട്.



# വിദ്യാകിരണം: 411 സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയാക്കി

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്ന വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന 973 സ്കൂൾ കെട്ടിടങ്ങളിൽ 411 എണ്ണം പൂർത്തിയാക്കാനായതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. 127ൽ അധികം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ഈ അക്കാദമിക വർഷത്തിനുള്ളിൽ



പൂർത്തിയാക്കും. ബാക്കി കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കും. രണ്ടായിരത്തി അറുന്നൂറ് കോടിയിലധികം രൂപയാണ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് മാത്രമായി കിഫ്ബി പദ്ധതി പ്രകാരം നീക്കി വെച്ചിട്ടുള്ളതെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

# എഡിറ്റോറിയൽ

## ഊർജ്ജിത ജലസംരക്ഷണ പ്രവർത്തനങ്ങൾ



ജലമാണ് ജീവന്റെ ആധാരമെന്ന കാര്യം നിസ്തർക്കമാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ജലത്തിന്റെ പങ്ക് സുപ്രധാനമാണ്. വായുവിനെ പോലെ തന്നെ ജീവജാലങ്ങൾക്കെല്ലാം അനിവാര്യമായ ജീവഘടകമാണ് ജലം. ജലസുരക്ഷയും ജലസംരക്ഷണവും എത്രത്തോളം പ്രാധാന്യമർഹിക്കുന്നുവെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

വരുന്ന വേനലിൽ വരൾച്ചയും കുടിവെള്ള ക്ഷാമവും ഉണ്ടായാൽ അതിനെ അതിജീവിക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള സമയമാണിത്. തുലാവർഷക്കൊയ്ത്തിലൂടെ മഴവെള്ള സംഭരണം, കിണർ റീചാർജിംഗ്, നീർച്ചാൽ വീണ്ടെടുക്കൽ, പുഴകളുടെ ശുചീകരണം, കുളങ്ങളുടെ നവീകരണം, നീർത്തടാധിഷ്ഠിത വികസനം, ജലബജറ്റ് തയ്യാറാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിക്കുകയാണ്. വിവിധ വകുപ്പുകളും എം.ജി.എൻ.ആർ.ഇ.ജി.എസും ഹരിതകേരളം മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് നേതൃത്വം വഹിക്കുന്നത്. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ക്വാറിയിലെ ജലം കൃഷിയിടങ്ങളിലേയ്ക്ക് എത്തിക്കുന്ന പദ്ധതി സംസ്ഥാനമാകെ ശ്രദ്ധനേടുകയാണ്. കേരളത്തിന്റെ വികസന മാതൃകയെ ആഗോളതലത്തിൽ പ്രദർശിപ്പിക്കാനും സാമൂഹിക-സാമ്പത്തിക-സാങ്കേതിക മേഖലകളിൽ സംസ്ഥാനത്തിന്റെ പുരോഗതി ഉയർത്തിക്കാട്ടാനും ലക്ഷ്യമിട്ട് സർക്കാർ സംഘടിപ്പിക്കുന്ന കേരളീയം 2023 ൽ ജലം സംരക്ഷിക്കൂ, ജീവിതം ഹരിതാഭമാക്കൂ എന്ന ആശയമുയർത്തി നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും സംസ്ഥാനത്തെ ജലമേഖലയിലെ വിവിധ വകുപ്പുകളും ഏജൻസികളും പങ്കാളികളാവുകയാണ്. ജലമേഖലയെ അധികരിച്ചുള്ള സെമിനാർ, വിപുലമായ പ്രദർശനം എന്നിവ കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി

## ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ യാഥാർത്ഥ്യത്തിലേക്ക്



സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യ ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്. പ്രധാന സ്വകാര്യ ആശുപത്രികളെക്കൂടി കാർസാപ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) നെറ്റ്‍വർക്കിന്റെ ഭാഗമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.ബ്ലോക്ക് മെഡിക്കൽ ഓഫീസർ ചെയർമാനായുള്ള ബ്ലോക്കുതല എ.എം.ആർ. കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ്, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, അക്വാകൾച്ചർ, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളിലേയും ഐഎംഎ, ഐഎപി, എപിഐ, എഎഫ്പിഐ തുടങ്ങിയവയിലേയും പ്രതിനിധികളുണ്ടാകും. ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗത്തെ കുറിച്ചും അണുബാധനിയന്ത്രണ രീതികളെകുറിച്ചും സാർവത്രിക അവബോധം നൽകുക എന്നതാണ് ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രധാന ലക്ഷ്യം.

## ആർദ്രം ജീവിതശൈലീ സ്ക്രീനിംഗ് ഒന്നര കോടിയിലേക്ക്

ആർദ്രം ജീവിതശൈലീ സ്ക്രീനിംഗിന്റെ ഭാഗമായി 30 വയസിന് മുകളിലുള്ളവരിലുള്ള 1.48 കോടിയോളം പേരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി. ഇവരിൽ ഹൃദ്രോഗം ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങൾ വരാൻ സാധ്യതയുള്ള ആൾക്കാരെ കണ്ടെത്തി വിദഗ്ധ പരിശോധനയ്ക്കായി റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിലൂടെ ഹൃദ്രോഗം വരാതെ നോക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും സാധിക്കും. ലോക ഹൃദയദിനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ഹൃദയസ്പർശം-കാക്കാം ഹൃദയാരോഗ്യം എന്ന പേരിൽ സംസ്ഥാനതല ക്യാമ്പയിൻ ആരംഭിച്ചു. ഹൃദ്രോഗം കണ്ടുപിടിക്കുക, ചികിത്സിക്കുക, പ്രതിരോധിക്കുക, സിപിആർ ഉൾപ്പെടെയുള്ള പ്രഥമ ശുശ്രൂഷാ പരിശീലനം തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇസിജി, ട്രോപ് ടി തുടങ്ങിയ സൗജന്യ പരിശോധനകൾ ക്യാമ്പയിന്റെ ഭാഗമായി ലഭ്യമാക്കും. ഓട്ടോ ഡ്രൈവർമാർ, ടാക്സി ഡ്രൈവർമാർ, മറ്റ് വോളണ്ടിയർമാർ, ആംബുലൻസ് ഡ്രൈവർമാർ തുടങ്ങിയവർക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്.

## കൈനകരി തുണി മാലിന്യ ശേഖരണം

ഓണക്കോടി വാങ്ങിയില്ലേ ഇനി പഴയ തുണികൾ പടിക്കു പുറത്ത് എന്ന ക്യാമ്പയിനുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനാംഗങ്ങൾ ശേഖരിച്ച തുണി മാലിന്യങ്ങൾ തരംതിരിച്ച് 2311 കിലോ തുണി പുനചംക്രമണത്തിന്




കൈമാറി. പരിപാടി കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.സി. പ്രസാദ് ഫ്ലാഗ് ഓഫ് ചെയ്തു. IRTC കോർഡിനേറ്റർ ശ്രീലക്ഷ്മി ജെ. നായർ, നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺ ലക്ഷ്മി, കൈനകരി ഹരിത കർമസേനാംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ഇടക്കോട് പിരപ്പമൺകാട് പാടശേഖരത്തിൽ കൊയ്ത്തുത്സവം

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ ഇടക്കോട് പിരപ്പമൺകാട് പാടശേഖരം 20 വർഷത്തിനുശേഷം വീണ്ടും കതിരണിഞ്ഞു. അമ്പത് ഏക്കറോളം വരുന്ന പാടശേഖരത്തിലെ കൊയ്ത്ത്



ഉത്സവം ചിറയിൻകീഴ് എം.എൽ.എ. വി. ശശിയുടെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ആറ്റിങ്ങൽ എം.എൽ.എ. ഒ.എസ്. അംബിക മുഖ്യാഥിതിയായിരുന്നു. സ്ഥലത്തെ മുതിർന്ന കർഷകനായ സത്യശീലനേയും പാടശേഖര സമിതി സെക്രട്ടറി അൽഫാറിനേയും ചടങ്ങിൽ ആദരിച്ചു.

## കിളിമാനൂർ - രണ്ടര ഏക്കർ വയൽ കൃഷിയോഗ്യമാക്കി

നവകേരളം കർമപദ്ധതിയുടെ മണ്ണ്, ജല സംരക്ഷണങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ



കൊട്ടാരത്തിന്റെ മുൻവശത്തുള്ള രണ്ടര ഏക്കർ വയൽ കിളിമാനൂർ ബ്ലോക്ക് കാർഷിക കർമസേന കൃഷിയോഗ്യമാക്കി. കൃഷി യോഗ്യമാക്കിയ വയലിൽ കൊട്ടാരം സ്കൂളിലെ വിദ്യാർത്ഥികൾക്ക് നെൽവിത്തുകൾ വിതയ്ക്കുന്ന രീതി കാട്ടിക്കൊടുത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. പി. മുരളി ഉദ്ഘാടനം ചെയ്തു. കിളിമാനൂർ കൊട്ടാരത്തിലെ രാധാഭായി തമ്പുരാട്ടി കൊട്ടാരം സ്കൂളിലെ കുരുന്നുകൾക്ക് നെൽവിത്ത് വിതയ്ക്കലിനെകുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെച്ചു. രണ്ട് തലമുറകളുടെ അനുഭവസമ്പത്ത് കുരുന്നുകൾക്ക് പകർന്നു നൽകാൻ കഴിഞ്ഞതിലുള്ള സന്തോഷം കൊട്ടാരം ട്രസ്റ്റ് ജനറൽ സെക്രട്ടറി രാമവർമ്മ തമ്പുരാൻ അറിയിച്ചു. ചടങ്ങിൽ കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മനോജ് റ്റി. അധ്യക്ഷത വഹിച്ചു.

## ഇടുക്കി ജില്ലയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതം

ഇടുക്കി ജില്ലയിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ജില്ലാതല സാങ്കേതിക സമിതിക്കും ശില്പശാലക്കും പിന്നാലെ ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിനെ പൈലറ്റ് അടിസ്ഥാനത്തിൽ പഠനത്തിന് വിധേയമാക്കിയാണ് ജില്ലയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ഗ്രാമപഞ്ചായത്തിലെ മണിയാറൻകുടി നീർത്തടം ഇതിനായി തിരഞ്ഞെടുത്തു. വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ഫീൽഡ് വിസിറ്റ് നടത്തി നീർത്തടത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വിലയിരുത്തി. ചെറുകിട ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ വകുപ്പ് മണ്ണ് സംരക്ഷണ വകുപ്പ്, ഭൂചല വകുപ്പ്, ജലസേചന വകുപ്പ്, കൃഷിവകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങി വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചു കൊണ്ടാണ് മണ്ണ്



ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഓരോ പ്രദേശത്തിന്റെയും പ്രാദേശികമായ സവിശേഷതകൾ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും സഹകരണത്തോടെ കണ്ടെത്തിയാണ് പ്രവർത്തനങ്ങൾ മുൻപോട്ടു പോകുന്നത്.

## നീരുറവ് കാസർഗോഡ് ജില്ലാതല സാങ്കേതിക ശിൽപ്പശാല

കാസർഗോഡ് ജില്ലാ ജലസംരക്ഷണ സാങ്കേതിക സമിതി ശിൽപ്പശാല സംഘടിപ്പിച്ചു. 2023 ഒക്ടോബർ 12 ന് ഡിപിസി ഹാളിൽ വെച്ച് ചേർന്ന യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജെ പി സി ഡി വി അബ്ദുൾ ജലീൽ സ്വാഗതം പറഞ്ഞു. നവകേരളം ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജലബജറ്റ് നീരുറവ് സമഗ്ര ഇടപെടൽ സമീപനവും അദ്ദേഹം വിശദീകരിച്ചു.



വിവിധ വകുപ്പുകളുടെ ഏകോപനം സംബന്ധിച്ചും ജലസംരക്ഷണ സാങ്കേതിക സമിതികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഡിഎൽടിസി ജില്ലാ കൺവീനർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സഞ്ജീവ് പിടി അവതരിപ്പിച്ചു. സാങ്കേതിക സമിതി പരിശോധനയിൽ സ്വീകരിക്കേണ്ടുന്ന നടപടി ക്രമങ്ങളെ സംബന്ധിച്ച് ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ കലാമുദീൻ വിശദീകരിച്ചു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എം. ലക്ഷ്മി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അബ്ദുൾ റഹ്മാൻ, കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സൈമ സി.എ. യും സംസാരിച്ചു.

ജില്ലാ, ബ്ലോക്ക്തല സാങ്കേതിക സമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, വികസന സ്ഥിരം സമിതി അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുത്തു.

## കുരുവട്ടൂരിൽ ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് ഹരിത കർമസേന അംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പും ബോധവത്കരണ ക്ലാസും



കുരുവട്ടൂർ കുടുംബ ആരോഗ്യ കേന്ദ്രത്തിൽ വെച്ച് സംഘടിപ്പിച്ചു. ഹരിതകേരളം മിഷൻ ആർദ്രം മിഷനുമായി സഹകരിച്ചാണ് ഇത്തരത്തിൽ ക്യാമ്പ് സംഘടിപ്പിച്ചത്. ആരോഗ്യ പരിശോധന ക്യാമ്പിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരിത നിർവഹിച്ചു. മെഡിക്കൽ ഓഫീസർ ഡോക്ടർ ഉഷ ദേവി അധ്യക്ഷത വഹിച്ചു.

## ജലഗുണനിലവാര പരിശോധനയുമായി സേവാമന്ദിരം സ്കൂൾ

ഹരിതകേരളം മിഷനുമായി സഹകരിച്ച് കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയിലെ സേവാമന്ദിരം പോസ്റ്റ് ബേസിക് ഹയർസെക്കണ്ടറി സ്കൂളിലെ എൻ.എസ്.എസ് വോളണ്ടിയർമാർ വീടുകളിൽ നിന്ന് കിണർ വെള്ളം ശേഖരിച്ച് വെള്ളത്തിന്റെ ഗുണനിലവാരപരിശോധന നടത്തുന്ന ജലം ജീവാമൃതം പദ്ധതിക്ക് തുടക്കം കുറിച്ചു. രാമനാട്ടുകര നഗരസഭയിലെ പതിനൊന്നാം വാർഡ് കൗൺസിലർ പി.കെ. ഹഫ്സൽ ഉദ്ഘാടനം ചെയ്തു. സേവാമന്ദിരം എച്ച്.എസ്.എസ്. പ്രിൻസിപ്പാൾ ശ്രീരഞ്ജിനി അദ്ധ്യക്ഷത വഹിച്ചു. വളണ്ടിയർമാർ 5 ഗ്രൂപ്പുകളായി



തിരിഞ്ഞ് വീടുകളിൽ നിന്ന് വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ചാണ് പരിശോധന നടത്തുന്നത്. നവകേരളം കർമപദ്ധതിയിലെ ജല സംരക്ഷണ ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും ചേർന്ന് എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ജലപരിശോധന സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ ലക്ഷ്യമിട്ട് ജില്ലയിലെ 29 ഹയർ സെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളോട് ചേർന്ന് പ്രാഥമിക ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ജില്ലാതലത്തിൽ മികച്ച രീതിയിൽ പ്രവർത്തനം നടത്തിയതിന് സേവാമന്ദിരം പോസ്റ്റ് ബേസിക് ഹയർ സെക്കണ്ടറി സ്കൂളിന് അംഗീകാരം ലഭിച്ചിരുന്നു.

## കൊല്ലം എൻ.എസ്.എസ് കോളേജ് ഇനി ഹരിതകാമ്പസ്

നവകേരളം കർമ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന ഹരിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി കൊല്ലം ശ്രീനാരായണ കോളേജ് ഹരിത കാമ്പസ് പദവിയിലേക്ക്. കോളേജ്




പ്രിൻസിപ്പലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊല്ലം കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് എസ്.എൻ. കോളേജിനെ കോർപ്പറേഷനിലെ ആദ്യ ഹരിത കാമ്പസ് ആയി പ്രഖ്യാപിച്ചു. മാലിന്യസംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കൃഷി പച്ചത്തുരുത്ത്, ഗ്രീൻ പ്രോട്ടോകോൾ എന്നിവ നടപ്പാക്കി എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായ ഡോ. വിദ്യ എസ്സിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷമായി നടന്ന എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഹരിത കാമ്പസ് ആയി പ്രഖ്യാപിക്കാൻ സാധിച്ചത്. ജൈവമാലിന്യം സംസ്കരിക്കുന്നതിനായി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ്, ദ്രവമാലിന്യ സംസ്കരണത്തിനായി സംവിധാനം, അജൈവമാലിന്യം പ്രത്യേക ബിന്നുകളിൽ ശേഖരിച്ച് ഹരിത കർമസേനയ്ക്ക് കൈമാറൽ, എല്ലാ ക്ലാസ്മുറികളിലും ഉപയോഗിച്ച് പ്ലാസ്റ്റിക് പേനകൾ ശേഖരിക്കുന്നതിനായി പെൻഡ്രോപ് ബോക്സുകൾ, ജൈവ പച്ചക്കറികൃഷി, പച്ചത്തുരുത്ത് തുടങ്ങിയ നിരവധി സംവിധാനങ്ങളാണ് ഹരിത കാമ്പസിന്റെ ഭാഗമായി ഉറപ്പാക്കിയത്. പരമാവധി വിദ്യാർത്ഥികളും കുടിവെള്ളവും ആഹാരവും സ്റ്റെയിൻലെസ്സ് സ്റ്റീൽ കുപ്പികളിലും പാത്രങ്ങളിലും ആണ് കൊണ്ടുവരുന്നത്. നിരോധിത ഉൽപ്പന്നങ്ങളായ പേപ്പർ കപ്പ്, പേപ്പർ പ്ലേറ്റ് തുടങ്ങിയവ പൂർണ്ണമായും കോളേജ് കാമ്പസിൽ നിരോധിച്ചിട്ടുണ്ട്.

## മുട്ടിൽ ഗ്രാമപഞ്ചായത്തിൽ മാപത്തോണിന് തുടക്കം

നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെ സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിനിന്റെ ഭാഗമായുള്ള മാപത്തോണിനു വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിൽ തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി ബാബു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഷറഫ് ചിറക്കൽ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സുരേഷ് ബാബു പദ്ധതി വിശദീകരണം നടത്തി. ജനപ്രതിനിധികൾ, നവകേരളം ആർ.പി, ഉദ്യോഗസ്ഥർ, നാട്ടുകാർ തുടങ്ങിയവർ പങ്കെടുത്തു.



## മാതൃകയായി എസ്.എൻ. ട്രസ്റ്റ് സ്കൂൾ

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ സ്കൂൾ തലങ്ങളിൽ നിരവധിയായ മാലിന്യ സംസ്കരണ പദ്ധതികൾക്ക് നേതൃത്വം നൽകി വരികയാണ്. ആലപ്പുഴ ജില്ലയിലെ എസ്.എൻ. പുരം എസ്.എൻ. ട്രസ്റ്റ് സ്കൂളിലെ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയുടെ ഉദ്ഘാടനവും സ്കൂളിലെ എയ്റോബിക്ക് യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനവും നവകേരളം കർമപദ്ധതി കോർഡിനേറ്റർ കെ.എസ്. രാജേഷ് നിർവഹിച്ചു. ആലപ്പുഴ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ ജയകുമാർ കുട്ടികൾക്ക് തുമ്പൂർമൂഴി എയ്റോബിക് യൂണിറ്റ് പ്രവർത്തനം സംബന്ധിച്ച് ബോധവത്ക്കരണം നൽകി.



ഒരു ദിവസം രണ്ട് കുട്ടികളെ വീതം എയ്റോബിക്ക് യൂണിറ്റിന്റെ ചുമതല ഏൽപ്പിക്കാനും ജൈവ മാലിന്യങ്ങൾ എയറോബിക്ക് യൂണിറ്റിൽ കമ്പോസ്റ്റാക്കി മാറ്റാനും അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയെ ഏൽപ്പിക്കാനും സ്കൂൾ അങ്കണത്തിൽ ഒരു പച്ചത്തുരുത്ത് സ്ഥാപിക്കാനും തീരുമാനമെടുത്തു.

## ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഹരിതസമൃദ്ധി വാർഡ്

വിഷരഹിത പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും സഹകരണത്തോടെ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 19 ൽ ഹരിതസമൃദ്ധി വാർഡ് പദ്ധതിക്ക് തുടക്കം കുറിച്ചു. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓളിക്കൽ ഗഫൂർ ഉദ്ഘാടനം നിർവഹിച്ചു. കൃഷി ഓഫീസർ ശ്യാം ദാസ് പദ്ധതി വിശദീകരിച്ചു. വാർഡിലേക്ക് ആവശ്യമായ തൈകൾ, വിത്തുകൾ എന്നിവ പ്രസിഡന്റിൽ നിന്നും വാർഡ് മെമ്പർ ഏറ്റു വാങ്ങി. കൃഷി വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ വാർഡിലെ വീടുകളുടെ കണക്ക് എടുക്കുകയും ആവശ്യമായ തൈകൾ, വിത്തുകൾ എന്നിവ വിതരണം ചെയ്യുന്ന പ്രവർത്തനത്തിനാണ് ആദ്യഘട്ടത്തിൽ തുടക്കം കുറിച്ചത്. ഹരിത സമൃദ്ധിക്കായി തെരഞ്ഞെടുക്കപ്പെടുന്ന വാർഡിലെ



മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നത് വഴി തങ്ങൾക്ക് ആവശ്യമായ പച്ചക്കറിയുടെ നല്ലൊരു ഭാഗം സ്വന്തം കൃഷിയിടത്തിൽ തന്നെ ഉൽപാദിപ്പിക്കുന്ന സംസ്കാരം വളർത്താനും ആരോഗ്യസംരക്ഷണത്തിനും, വീട്ടിലെ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കി മാറ്റുന്നതിലൂടെ ശുചിത്വ മാലിന്യ സംസ്കരണത്തിനും ഇത് സഹായകരമാകും. സ്കൂൾ വിദ്യാർത്ഥികളടക്കം വാർഡിലെ മുഴുവൻ ജനങ്ങളെയും പങ്കെടുക്കുന്നതിലൂടെ സുരക്ഷിത പച്ചക്കറി ഉൽപാദനത്തിന്റെ സന്ദേശം വ്യാപിപ്പിക്കാൻ സഹായകരമാകുന്ന കാമ്പയിനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

## കുന്നുകര പഞ്ചായത്തിൽ 50 കുടുംബങ്ങൾക്ക് വീട് ഒരുങ്ങുന്നു

എല്ലാവർക്കും സുരക്ഷിത ഭവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ പദ്ധതി മുന്നോട്ടു പോകുമ്പോൾ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിൽ 50 കുടുംബങ്ങൾക്ക് വീടൊരുങ്ങുന്നു. 2017 ലെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 50 കുടുംബങ്ങൾക്കായി വാങ്ങി നൽകിയ സ്ഥലത്താണ് വീട് നിർമ്മിക്കുന്നത്.

മനസ്സോടിത്തിരി മണ്ണ് പദ്ധതിയുടെ ഭാഗമായി കുന്നുകര ഗ്രാമപഞ്ചായത്ത്, കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, ശ്രീനാരായണ മെഡിക്കൽ കോളേജ് എന്നിവർ സംയുക്തമായി ഭൂമി വാങ്ങി നൽകിയിരുന്നു, ഈ ഭൂമിയിലാണ് വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നത്. കഴിഞ്ഞ നവംബറിൽ ഭൂമി കുടുംബങ്ങൾക്ക് കൈമാറിയിരുന്നു. വീടുകളുടെ നിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായി കഴിഞ്ഞു.

## ലൈഫ് പദ്ധതി : 40 വീടുകളുടെ താക്കോൽദാനം നടന്നു

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 പട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി ഗുണഭോക്താക്കൾക്ക് നിർമാണം പൂർത്തീകരിച്ച 40 വീടുകളുടെ താക്കോൽദാനവും ജനറൽ വിഭാഗത്തിലെ 40 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിന്റെ ഒന്നാം ഗഡു വിതരണവും നടന്നു. കൂടാതെ 2023-24 വാർഷിക പദ്ധതികളുടെ നിർവഹണ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത്



പ്രസിഡന്റ് കുമാരി സി. അമൃത നിർവഹിച്ചു. കോട്ടുക്കൽ ജംങ്ഷനിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി ഗിരിജമ്മ അധ്യക്ഷയായി. ജനപ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഹരിത കർമസേനക്ക് ട്രോളി നൽകി പെരുമ്പളം ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലയിലെ മാലിന്യ നിർമ്മാർജ്ജനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹരിത കർമസേനക്ക് മെറ്റൽ ട്രോളികൾ നൽകി പെരുമ്പളം ഗ്രാമപഞ്ചായത്ത്.



കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളകോട് ക്വാറിയിലെ ജലം കൃഷിയിടങ്ങളിലേയ്ക്ക് എത്തിക്കുന്ന ഹരിത തീർത്ഥം പദ്ധതി.



ഹരിത കർമസേനയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടത്തുന്ന വാതിൽപ്പടി പ്ലാസ്റ്റിക് ശേഖരണം ഊർജ്ജിത മാക്കുന്നതിനാണ് മെറ്റൽ ട്രോളികൾ എത്തിച്ചിരിക്കുന്നത്. മെറ്റൽ ട്രോളികളുടെ വിതരണോദ്ഘാടനം ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റ് വി.വി. ആശ നിർവഹിച്ചു.

## ഹരിത വിദ്യാലയ നിറവിൽ കേച്ചേരി ഗവ. എൽ.പി. സ്കൂൾ

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ആദ്യ ഹരിത വിദ്യാ ലയമെന്ന പദവിയും തൃശ്ശൂർ ജില്ലയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി കേച്ചേരി ഗവ. എൽ.പി. സ്കൂൾ. സ്കൂളിന്റെ പൊതു ശുചിത്വം, മാലിന്യ പരിപാലനം, ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം, കൃഷി - പരിസ്ഥിതി സംരക്ഷണം എന്നിവയിലെ മികവാർന്ന പ്രവർത്തനം വിലയിരുത്തി




യാണ് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ആദ്യത്തെ ഹരിത വിദ്യാലയമായി കേച്ചേരി ഗവൺമെന്റ് എൽ.പി സ്കൂളിനെ പ്രഖ്യാപിച്ചത്.

'നവകേരളം വൃത്തിയുള്ള കേരളം' എന്ന സന്ദേശം വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേക്ക് എന്ന ലക്ഷ്യ ത്തോടെ നവകേരളം കർമപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത വിദ്യാലയം.

## തുണിമാലിന്യ പരിപാലന പരിശീലനം

ആലപ്പുഴ ജില്ലയിലെ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഹരിത കർമസേന അംഗങ്ങൾക്കു 15 ദിവസം നീണ്ടു നിന്ന തുണി മാലിന്യ പരിപാലന പരിശീലന പരിപാടി നടന്നു. സി.ഡി. എസ്. പ്രസിഡന്റ് ലളിത ഭായിയുടെ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രസിഡന്റ് എസ് പാവനനാഥൻ ഉദ്ഘാടനം നിർവ്വഹിക്കുകയും പരിശീലനാർഥികൾക്കു സാക്ഷ്യപത്രം



വിതരണം ചെയ്യുകയും ചെയ്തു. പരിശീലന പരിപാടിയിൽ നിർമിച്ച ബദൽ ഉത്പന്നങ്ങളായ തുണിസഞ്ചികൾ, ചവിട്ടികൾ, മെത്തകൾ എന്നിവയുടെ പ്രദർശനം ശ്രദ്ധേയമായിരുന്നു.

## എന്റെ വാർഡ് നൂറിൽ നൂറ്; അഭിമാന നേട്ടവുമായി മീനങ്ങാടി ഗ്രാമപഞ്ചായത്ത്

എന്റെ വാർഡ് നൂറിൽ നൂറ് ക്യാമ്പയിനിൽ 12 വാർഡുകളിൽ നേട്ടം കൈവരിച്ച മീനങ്ങാടി പഞ്ചായത്തിനെ ആദരിച്ചു. വയനാട് ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ഇ. വിനയൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വാസുദേവൻ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് സെക്രട്ടറി പ്രമോദ് സ്വാഗതം അർപ്പിച്ചു. നവകേരളം ജില്ലാ



കോർഡിനേറ്റർ സുരേഷ് ബാബു ഗ്രാമപഞ്ചായത്ത് ടീമിന് മൊമന്റോയും വാർഡുകളിലെ ഹരിത കർമസേന അംഗങ്ങൾക്കും മെമ്പർമാർക്കും അനുമോദന പത്രവും കൈമാറി. പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ബേബി വർഗീസ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഉഷ രാജേന്ദ്രൻ പഞ്ചായത്ത്, CDS ചെയർപേഴ്സൺ, ഹരിത കർമസേന സെക്രട്ടറി, വി.ഇ.ഒ. ശ്രീലത എന്നിവർ ആശംസ അർപ്പിച്ചു. ജനപ്രതിനിധികൾ, ഹരിത കർമസേന അംഗങ്ങൾ, പഞ്ചായത്ത് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## ഹരിതചട്ടം പാലിച്ച് പനച്ചിക്കാട് നവരാത്രി അഞ്ചാം തവണയും

കോട്ടയം പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രത്തിൽ ഇത്തവണയും ഹരിത നവരാത്രി. തുടർച്ചയായി അഞ്ചാം വർഷമാണ് ക്ഷേത്ര ഭാരവാഹികളുടെയും പഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ഹരിത കർമസേന എന്നിവരു ടെയെല്ലാം കൂട്ടായ സഹകരണത്തോടു കൂടി ഹരിത നവരാത്രി ആഘോഷിച്ചത്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ ഹരിത സ്റ്റാൾ ഒരുക്കി. ഇവിടെ എത്തിച്ചേരുന്ന ജനങ്ങൾക്ക് ഹരിത സ്റ്റാളിൽ നിന്നും സ്റ്റീൽ ഗ്ലാസുകളിൽ കുടിവെള്ള വിതരണം നടത്തി.

ഒന്നാം ഉത്സവം മുതൽ വിജയദശമി ദിനം വരെയും ഹരിത പെരുമാറ്റ ചട്ടം ക്ഷേത്ര പരിസരത്തുടനീളം പാലിക്കപ്പെടുന്നതിന് കൃത്യമായ നടപടിക്രമങ്ങളും വ്യക്തമായ മേൽനോട്ടവും ഉണ്ടായിരുന്നു. ഇതോടൊപ്പം തന്നെ സന്ദർശനത്തിനെത്തിയവരുടെ പക്കലും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്താൻ ഹരിത കർമസേനയുടെ മേൽനോട്ടം ഉണ്ടായിരുന്നു. ഹരിതകേരളം മിഷൻ പ്രതിനിധികൾ ഇവ സംബന്ധിച്ച




കൃത്യമായ മാർഗ്ഗരേഖകളും പരിശീലനവും ഹരിത കർമസേന അംഗങ്ങൾക്ക് ഉത്സവത്തിന് മുൻപ് തന്നെ നൽകിയിരുന്നു. ക്ഷേത്രത്തിന്റെ വിവിധ ഭാഗങ്ങളിലായി ഓല മെടഞ്ഞു നിർമിച്ച ജൈവ ബിന്നുകൾ സ്ഥാപിച്ചിരുന്നു.ഹരിത കർമസേന ക്ഷേത്രം പരിസരത്തു നിന്ന് ശേഖരിച്ച അജൈവ മാലിന്യം സൂക്ഷിക്കാൻ അവിടെ തന്നെ താത്കാലിക എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) സംവിധാനവും സജ്ജീകരിച്ചിരുന്നു. അന്നദാനത്തിന് സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും ആണ് ഉപയോഗിച്ചത്.

## തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി ഗ്രാമം

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളും സമ്പൂർണ്ണ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോണി സക്കറിയ പ്രഖ്യാപനം നിർവഹിച്ചു. തുമ്പമൺ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പച്ചക്കറി തൈകളും, 5,000 പച്ചക്കറി വിത്തുകളും വിതരണം ചെയ്തു. ഇതിനോടൊപ്പം തന്നെ



വിവിധ വാർഡുകളിൽ സംഘകൃഷികളായ മഞ്ഞൾ കൃഷി, കിഴങ്ങ് കൃഷി എന്നിവയും ചെയ്തു വരുന്നു.തരിശ് രഹിത പഞ്ചായത്ത് പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് തലത്തിൽ നടന്നു വരുന്നുണ്ട്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ, കർഷകർ, സിഡിഎസ് അംഗങ്ങൾ, ഹരിതകേരളം മിഷൻ ആർ.പി.മാർ, ഇന്റേൺഷിപ് ട്രെയിനിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവത്തിന് തുടക്കം

മാലിന്യമുക്ത നവകേരളം എന്ന സ്വപ്നത്തിലേക്ക് ഒരുചുവടായി എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ആശയം കുട്ടികളിലേക്ക് പകർന്നുകൊടുത്തുകൊണ്ട് എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവത്തിന് തുടക്കം കുറിച്ചു. വെളിയനാട്



ഗവ. എൽ.പി സ്കൂളാണ് പഞ്ചായത്തുതല ശുചിത്വോത്സവ ഉദ്ഘാടനത്തിന് വേദിയായത്. പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജയകുമാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സാലി പീറ്റർ അധ്യക്ഷത വഹിച്ചു. ഹരിതകർമസേനാംഗങ്ങൾ തങ്ങളുടെ പ്രവർത്തനരീതി കുട്ടികൾക്ക് വിവരിച്ചുനല്കി. കുട്ടികൾ, അധ്യാപകർ, ജനപ്രതിനിധികൾ, പി.ടി.എ. അംഗങ്ങൾ, ഹരിത കർമസേനാംഗങ്ങൾ, ഹരിതകേരളം മിഷൻ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in